**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 97 — 27.02.2017- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള നഷ്ടപരിഹാരം

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ

ഉത്തരം
ശ്രീ.പിണറായി വിജയൻ
(ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് സുപ്രീം കോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാർ വിതരണം ചെയ്യാൻ ബാക്കിയുള്ള ആശ്വാസധനം 5 ലക്ഷം രൂപ കണക്കാക്കി ദുരിതബാധിതരായ എല്ലാപേർക്കും വിധി പുറപ്പെടുവിച്ച തീയതി മുതൽ മൂന്നു മാസത്തിനകം വിതരണം ചെയ്യണമെന്നും ധനസഹായം അനുവദിക്കുന്നതിനുള്ള തുക കേന്ദ്രസർക്കാരിൽ നിന്നോ എൻഡോസൾഫാൻ നിർമ്മിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്നോ ഈടാക്കാമെന്നും എൻഡോസൾഫാൻ പുനരധിവാസവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | ആരുടെ ഹർജി പ്രകാരമാണ് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത് ; | (ബി) | ഡമോക്രാറ്റിക് യൂത്ത് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (DYFI) ഹർജിയിന്മേലാണ് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത് |
| (സി) | വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ബഹു.സുപ്രീം കോടതിയുടെ വിധിപ്രകാരം 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത് ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിൻ പ്രകാരം ഇതിനകം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ( 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിത-ബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യ |

| | | | |
|---|---|---|---|
| | | | സംഭവിച്ചവർക്കും എൻഡോ സൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിനും തീരുമാനിക്കുകയും, ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്).<br>എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചു കിട്ടിയിട്ടുണ്ട്.<br>എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. ആയതിലേയ്ക്കായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എം.പാനൽ ചെയ്യപ്പെട്ടിട്ടുണ്ട്. ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വിശദമായ ഒരു പ്രൊപ്പോസൽ കൂടി കേന്ദ്രസർക്കാരിലേക്ക് സമർപ്പിക്കുന്നതാണ്. ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പരിഗണനയിലുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ.**